# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ.എൻ. വേണുഗോപാലൻ കർത്ത**

പബ്ലിക് റിലേഷൻസ് ഓഫീസർ

ഫോൺ: **0481– 2731020, 2732650**

മൊബൈൽ: **9846720402**

പി.ആർ.ഒ/36/95/2018 2018 മെയ് 07

## പത്രക്കുറിപ്പ്

**ബി.ടെക് പരീക്ഷ ഹാജർ ഇളവ്**

ബി.ടെക് എട്ടാം സെമസ്റ്ററിൽ 50 ശതമാനമോ അതിൽ കൂടുതലോ ഹാജർ നിലയുള്ളവർക്ക് 2018 ലെ എട്ടാം സെമസ്റ്റർ ബി ടെക് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇതിനോടകം ഹാജർ കുറവിനുള്ള ഇളവ് നേടിയിട്ടുള്ളവർക്കും എട്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് ഈ ആനുകൂല്യം അനുവദിക്കും. കൂടുതൽ വിവരങ്ങൾക്ക് Ph: 8330013004,5,6,7,8,9 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**യു.ജി.സി.-നെറ്റ്/ജെ.ആർ.എഫ് പരീക്ഷ പരിശീലനം**

യു.ജി.സി. നടത്തുന്ന മാനവികവിഷയങ്ങൾക്കുള്ള നെറ്റ്/ജെ.ആർ.എഫ് പരീക്ഷയുടെ ജനറൽ പേപ്പറിന് വേണ്ടിയുള്ള പരിശീലനം മഹാത്മഗാന്ധി യുണിവേഴ്സിറ്റി എംപ്ലോയിമെൻറ് ഇൻഫർമേഷൻ ആൻറ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നു. യുണിവേഴ്സിറ്റി ക്യാമ്പസിൽ വച്ച് നടത്തുന്ന പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 0481 2731025 എന്ന നമ്പറിൽ ബന്ധപ്പെടുക.

**കേന്ദ്രീകൃത പ്രവേശന പരിശീലന പരിപാടി**

2018–19 അദ്ധ്യയന വർഷത്തിലെ കേന്ദ്രീകൃത പ്രവേശനവുമായി ബന്ധപ്പെട്ട് അഫിലിയേറ്റഡ് ആർട്സ് ആൻറ് സയൻസ് കോളേജുകളിലെ പ്രവേശന ചുമതലയുള്ള അദ്ധ്യാപകർക്കും അനദ്ധ്യാപക ജീവനകാർക്കും മെയ് 11 ന് രാവിലെ 10.30 മുതൽ സർവ്വകലാശാല അസംബ്ലി ഹാളിൽ വെച്ച് പരിശീലനം നൽകുന്നതാണ്. കോളേജിൽ നിന്നും രണ്ട് അദ്ധ്യാപകരും ഒരു അനദ്ധ്യാപക ജീവനകാരനും പങ്കെടുക്കേണ്ടതാണ്.

**അപേക്ഷാതീയതി**

നാലാം വർഷ ബി.എസ്.സി നേഴ്സിംഗ് (2010 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷ മെയ് 25 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മെയ് 10 വരെയും 50 രൂപ പിഴയോടെ 11 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 14 വരെയും സ്വീകരീക്കും. വിദ്യാർഥികൾ പേപ്പർ ഒന്നിന് 20 രൂപ വീതം (പരമാവധി 100 രൂപ) സി. വി ക്യാമ്പ് ഫീസ് ആയി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം. വിശദമായമായ ടൈംടേബിൾ സർവ്വ്കലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

രണ്ടാം സെമസ്റ്റർ (സി.ബി.സി.എസ് പുതിയ സ്കീം 2017 അഡ്മിഷൻ/ സി.ബിസി.എസ്.എസ് 2013 മുതൽ 2016 വരെ അഡ്മിഷൻ) പരീക്ഷകൾക്ക് പിഴയില്ലാതെ മെയ് 13 വരെയും 50 രൂപ പിഴയോടെ 14 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 15 വരെയും അപേക്ഷിക്കാം.

**പരീക്ഷാഫലം**

2017 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി ക്ലിനിക്കൽ ന്യൂട്രീഷൻ ആൻറ് ഡയറ്റെറ്റിക്സ് (റഗുലർ/സപ്ലിമെൻററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യ നിർണ്ണയത്തിനും സൂക്ഷമപരിശോധനയ്ക്കും മെയ് 18 വരെ അപേക്ഷിക്കാം.

2017 ഫെബ്രുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ് (നോൺ സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യ നിർണ്ണയത്തിനും സൂക്ഷമപരിശോധനയ്ക്കും മെയ് 19 വരെ അപേക്ഷിക്കാം.

2017 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ് (പി.ജി.സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യ നിർണ്ണയത്തിനും സൂക്ഷമപരിശോധനയ്ക്കും മെയ് 19 വരെ അപേക്ഷിക്കാം.

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻെറൻസീവ് റിസേർച്ച് ഇൻ ബേസിക് സയൻസസ് 2017 ജൂലൈ മാസത്തിൽ നടത്തിയ എട്ടാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഇൻറർ ഡിസിപ്ലിനറി മാസ്റ്റർ ഓഫ് സയൻസ് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

സ്കൂൾ ഓഫ് ബയോസയൻസസ് 2018 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ മൈക്രോബയോളജി, ബയോകെമിസ്ട്രി, ബയോടെക്നോളജി, ബയോഫിസിക്സ് (സി.എസ്.എസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് 2018 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

സ്കൂൾ ഓഫ് പ്യുർ ആൻറ് അപ്ലൈഡ് ഫിസിക്സ് 2017 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ഫിസിക്സ് എം.ഫിൽ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

സ്കൂൾ ഓഫ് ബയോസയൻസസ് 2018 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ മൈക്രോബയോളജി, ബയോകെമിസ്ട്രി, ബയോടെക്നോളജി, ബയോഫിസിക്സ് (സി.എസ്.എസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് 2017 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി ഡിസെബിലിറ്റി സ്റ്റഡീസ് ആൻറ് റീഹാബിലിറ്റേഷൻ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**